# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1983

14.08.2017 — ൽ മറുപടിക്ക്

## കാട്ടാക്കട മണ്ഡലത്തിൽ നിന്നും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ലഭ്യമായ അപേക്ഷകർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് : | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കാട്ടാക്കട മണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിൽ നിന്നും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | 4937 അപേക്ഷകൾ |
| (ബി) | അനർഹരെ ഒഴിവാക്കുന്നതിനും അർഹരെ ഉൾപ്പെടുത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ? | (ബി) | അനർഹരെ ഒഴിവാക്കി അർഹരെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സമയബന്ധിതമായി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് മുൻഗണനാ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള സർക്കാർ ഉദ്യോഗസ്ഥർ, സർക്കാർ അംഗീകൃത സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ, സഹകരണ മേഖലയിലെ ജീവനക്കാർ, സർവ്വീസ് പെൻഷൻകാർ എന്നിവർ കൃത്യമായി റേഷൻ കാർഡ് തിരിച്ചേൽപ്പിച്ച് മുൻഗണനേതര വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ 20.08.2017-വരെ സമയപരിധി നൽകിയിട്ടുണ്ട്. ഇതിനുപരിയായി അനർഹർക്കെതിരെ ഇൻഡ്യൻ ക്രിമിനൽ ശിക്ഷാനിയമ പ്രകാരവും അവശ്യസാധന നിയമം, 1955 പ്രകാരവും |

നടപടിയെടുക്കുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ വകുപ്പ് മേധാവികൾക്കും, സ്ഥാപന മേധാവികൾക്കും ഇക്കാര്യം സംബന്ധിച്ച കർശന നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 3 (13) ന്റെ അടിസ്ഥാനത്തിൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 പ്രകാരം പ്രസിദ്ധീകരിക്കുന്ന മുൻഗണനാ പട്ടിക തുടർച്ചയായ പുനരവലോകനത്തിന് വിധേയമാക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു.

***സെക്ഷൻ ഓഫീസർ***